**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4191 21/07/2015-ൽ മറുപടി നല്കേണ്ടിയിരുന്നത്

# കാർഷിക നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മാത്യു ടി.തോമസ്**<br>**ശ്രീമതി.ജമീലാ പ്രകാശം**<br>**ശ്രീ.ജോസ് തെറ്റയിൽ**<br>**,, സി.കെ.നാണു** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സർക്കാർ അംഗീകരിച്ച കാർഷിക നയം നടപ്പാക്കണമെങ്കിൽ എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് നടത്തേണ്ടത്; | എ) സർക്കാർ അംഗീകരിച്ച കാർഷിക നയം നടപ്പാക്കണമെങ്കിൽ ചുവടെപ്പറയുന്ന 7 നയങ്ങൾ നടപ്പിലാക്കുന്നതിനാണ് നിയമ നിയമനിർമ്മാണത്തിന്റെ പിൻബലം ആവശ്യമുള്ളത്.<br><br>• കേരള കർഷക ക്ഷേമ ബോർഡ് .<br>• ഇൻകം ഗ്യാരന്റി ആക്ട്.<br>• കേരള സ്റ്റേറ്റ് വില നിർണ്ണയ അതോറിറ്റി.<br>• അവകാശ ലാഭം.<br>• സീഡ് ആക്ട് കേരളത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്.<br>• വായ്പാനയം.<br>• കാർഷിക ബഡ്ജറ്റ്. |
| ബി) നിയമനിർമ്മാണം നടത്തുവാൻ എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചത്; | ബി) നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബില്ലുകൾ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| സി) | കരടുനിയമം തയ്യാറാക്കിയിട്ടുണ്ടോ; നിയമത്തിന്റെ കരട് ക്യാബിനറ്റിന്റെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | സി) | ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ കരട് ബില്ലുകൾ തയ്യാറാക്കി വരുന്നു. പ്രസ്തുത ബില്ലുകൾ നിയമ വകുപ്പിന്റെയും ക്യാബിനറ്റിന്റെയും പരിഗണനയ്ക്കായി 2015 ആഗസ്റ്റ് മാസത്തോടെ സമർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| ഡി) | നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ ഈ ബില്ലുകൾ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഡി) | ഇല്ല. |
| ഇ) | നിയമനിർമ്മാണം ആവശ്യമില്ലാത്ത കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | ഇ) | നിയമനിർമ്മാണം ആവശ്യമില്ലാത്ത കാര്യങ്ങൾ ഗവൺമെന്റ് തലത്തിലും വകുപ്പ് മേധാവികളുടെ തലത്തിലും ഉത്തരവുകൾ ആവശ്യമാണ്. ആയതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ കൃഷി വകുപ്പിലും മൃഗസംരക്ഷണ വകുപ്പിലും തയ്യാറാക്കി വരുന്നു. |
| എഫ്) | തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ കാർഷിക നയത്തിനനുസൃതമായിട്ടാണോ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്; സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചർച്ചചെയ്ത് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | എഫ്) | സർക്കാർ അംഗീകരിച്ച കാർഷിക നയങ്ങളെ അധിഷ്ഠിതമാക്കിയുള്ള പദ്ധതികൾ തയ്യാറാക്കി അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. പുതിയ പദ്ധതികൾക്ക് കാർഷിക നയത്തെ അധിഷ്ഠിതമാക്കി രൂപരേഖ തയ്യാറാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**